**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയ്ക്കൽ നഗരസഭ - ഭവനശ്രീ പദ്ധതിക്കായി ഹഡ്‌കോയിൽ നിന്നും 3,20,00,000/- (മുന്നു കോടി ഇരുപത് ലക്ഷം) രൂപ വായ്പ എടുക്കുന്നതിനുള്ള അനുമതി - നൽകിയ സ.ഉ (സാധാ)നം.2982/16/തസ്വഭവ , തീയതി : 02/10/2016. - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ)നം.3132/16/തസ്വഭവ , തിരുവനന്തപുരം, തീയതി : 18/11/2016.

---

പരാമർശം - സ.ഉ (സാധാ)നം.2982/16/തസ്വഭവ , തീയതി : 02/10/2016.

**ഉത്തരവ്**

പരാമർശ സർക്കാർ ഉത്തരവ് തിയതി 02/10/2016 എന്നത്, 02/11/2016 എന്ന് തിരുത്തി ഉത്തരവാകുന്നു. കൂടാതെ പരാമർശ ഉത്തരവിലെ രണ്ടാം ഖണ്ഡിക ചുവടെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

"കോട്ടയ്ക്കൽ നഗരസഭയിലെ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന 160 കുടുംബങ്ങൾക്ക് നഗരസഭ നടപ്പിലാക്കുന്ന ഭവനശ്രീ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പരാമർശം (4) ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി, കോട്ടയ്ക്കൽ നഗരസഭയുടെ വസ്തു പണയപ്പെടുത്തി, കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ III പ്രകാരവും ഹഡ്‌കോയിൽ നിന്നും, നിബന്ധനകൾക്ക് വിധേയമായി 3,20,00,000/- (മുന്നു കോടി ഇരുപത് ലക്ഷം) രൂപ വായ്പ എടുക്കുന്നതിനും പ്രസ്തുത ലോണിലേക്ക് പ്രതിവർഷം നിശ്ചയിക്കുന്ന തിരിച്ചടവ് നഗരസഭയ്ക്ക്അനുവദിക്കുന്ന പ്ലാൻ ഫണ്ടിൽ സേവന മേഖലയിലെ ഭവന നിർമ്മാണ പ്രോജക്റ്റ് ഇനത്തിൽ വകയിരുത്തി തിരിച്ചടവ് നടത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു".

പരാമർശത്തിലെ ഉത്തരവ് മുൻഖണ്ഡികയിലെ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എ.കെ. മോഹനകുമാർ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയ്ക്കൽ നഗരസഭ,
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ)) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ